## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286 — 22.6.2012-ന് മറുപടിക്ക്

### പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ
,, പി.ബി. അബ്ദുൾ റസാക്
,, പി. ഉബൈദുള്ള
,, റ്റി.എ. അഹമ്മദ് കബീർ

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

എ) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണം, റീസൈക്ലിംഗ്, നിർമ്മാർജ്ജനം എന്നിവയ്ക്ക് സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

എ) പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ഷ്രെഡ് ചെയ്യാനുള്ള ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കാനുള്ള പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂലധനചിലവിന്റെ 75% സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിൽ നിന്നും ശുചിത്വമിഷൻ വഴി നൽകിവരുന്നു. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് കവറുകൾ ചെറിയ കഷണങ്ങളായി പൊടിച്ച് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് കൈമാറാനുള്ള നടപടിയാണ് അതുവഴി കൈക്കൊണ്ടിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക് മാലിന്യം റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്താനുള്ള ശ്രമവും വാളയാറിലെ മലബാർ സിമന്റ് കമ്പനിയിൽ ചൂളയിൽ കത്തിക്കുന്നതിന് ഉപയോഗപ്പെടുത്താനും ശ്രമങ്ങൾ നടന്നുവരുന്നു. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ തയ്യാറായി മുന്നോട്ട് വരുന്ന നഗരസഭകൾക്ക് ഈ സാമ്പത്തിക

| | | |
|---|---|---|
| | | വർഷത്തിൽ 75% സാമ്പത്തികസഹായത്തോട് കൂടി പരമാവധി 6 ലക്ഷം രൂപ എന്ന നിലയിൽ സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതി നിലവിലുണ്ട്. |
| ബി) | പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം സംബന്ധിച്ച് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും സ്വീകരിച്ചിട്ടുള്ള നയം വ്യക്തമാക്കുമോ; | ബി) 40 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, നിരോധിച്ച പ്ലാസ്റ്റിക് ഉൽപന്നങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതിനുള്ള സെമിനാറുകൾ, എക്സിബിഷനുകൾ, ദൃശ്യ ശ്രവ്യ പത്ര മാധ്യമങ്ങൾ വഴി ബൃഹത്തായ പ്രചരണ പ്രവർത്തനം നടത്തുകയുണ്ടായി. |
| സി) | നിരോധനം സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഫലപ്രദമായ മറ്റു നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ; | സി) പൂർണമായും പര്യാപ്തമാണെന്നു കരുതുന്നില്ല.<br>പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ നയം. 40 മൈക്രോണിൽ താഴെ കട്ടിയുള്ള കവറുകൾ നിരോധിക്കുക, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ച് പുനരുപയോഗത്തിനും പുന:ചംക്രമണത്തിനും ഉപയോഗിക്കുവാൻ പ്രോത്സാഹനം നൽകുക എന്നതാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക് കവറുകളുടെ നിയന്ത്രണത്തിനുള്ള പ്രധാന നയം. ഈ നയം പൂർണമായും നടപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. |
| ഡി) | തങ്ങളുടെ പരിധിയിലെ തോടുകൾ, കുളങ്ങൾ, മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലി | ഡി) മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വീടിന്റെ പരിസരങ്ങളും, തോടുകൾ, കുളങ്ങൾ മറ്റ് |

| | |
|---|---|
| ന്യങ്ങൾ മാറ്റി ശുദ്ധീകരിക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റി കൾക്കും നഗരസഭകൾക്കും എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ജലനിർഗ്ഗമനങ്ങൾ എന്നിവയിൽ അടിഞ്ഞു കൂടിയിട്ടുള്ള പ്ലാസ്റ്റിക് മാറ്റി ശുദ്ധീകരിക്കുന്ന കാര്യത്തിലും കൊതുക് നിർമ്മാർജ്ജ നത്തിന് ആഴ്ചയിലൊരു ദിവസം - 'ഡ്രൈഡേ' ആചരിക്കുകയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജില്ല- ബ്ലോക്ക്- ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ശുചിത്വ കലാജാഥകളും, റോഡ്ഷോകളും സംഘടിപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ